## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2453

## 13.02.2013 – ൽ മറുപടിയ്ക്ക്

## ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ. പി. ജയരാജൻ | | ശ്രീ. കെ.എം. മാണി<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| എ) | ത്രിതല പഞ്ചായത്തുകൾ അടക്കമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർവ്വ കലാശാലകളുടെയും മറ്റ് ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെയും വെൽഫെയർ ഫണ്ട് ബോർഡുകളുടെയും ദേവസ്വം ബോർഡുകളുടെയും അടക്കം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗമായ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഓഡിറ്റ് വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും, ഓഡിറ്റിന്റെ കാര്യക്ഷമത ഉയർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് എന്തു നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; | ത്രിതല പഞ്ചായത്തുകൾ അടക്കമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർവ്വ കലാശാലകളുടെയും മറ്റ് ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെയും വെൽഫെയർ ഫണ്ട് ബോർഡുകളുടെയും ദേവസ്വം ബോർഡുകളുടെയും ഓഡിറ്റ് നിലവിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ് നടത്തുന്നത്. ഓഡിറ്റിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.<br>ഓഡിറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധ തലങ്ങളിലായി ഓഡിറ്റർമാർക്ക് 4 മാസം നീണ്ടു നിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി പരിശീലനം നൽകുന്നുണ്ട്. ഐ.എം.ജി, ധനകാര്യ വകുപ്പ് നടത്തുന്ന ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിലെ സേവനം ഉപയോഗിച്ച് ജീവനക്കാരെ കൂടുതൽ കാര്യക്ഷമമായി ഓഡിറ്റ് നടത്താനുള്ള പരിശീലനവും നൽകി വരുന്നു. കമ്പ്യൂട്ടർവത്കരണവും AIMS (Audit Information Management System) സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതും ഓഡിറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകരമായതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റിൽ സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം നടത്തി വരുന്നു. |

| | | |
|---|---|---|
| ബി) | ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിലെ മേലധികാരികൾക്ക് സർചാർജ്ജ് നോട്ടീസ് നൽകുവാനുള്ള അധികാരം ഇപ്പോൾ ലോക്കൽ ഫണ്ട് ഓഡിറ്റിലെ ഓഡിറ്റിന് ചുമതലപ്പെട്ട ഓഫീസ് മേധാവിക്കില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 16 പ്രകാരവും 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾ 20 പ്രകാരവും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കാണ് സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരമുള്ളത്. |
| സി) | ഓഡിറ്റിന് ചുമതലപ്പെട്ട ഓഫീസ് മേധാവിക്ക് തന്നെ സർചാർജ്ജ് നോട്ടീസ് നൽകുവാനുള്ള അധികാരം നൽകിക്കൊണ്ട് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ? | നിലവിലുള്ള നിയമ/ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ